# INDIAN SCHOOL MUSCAT
## MIDDLE SECTION
## SUMMATIVE ASSESSMENT -1 (2016-17)
## MALAYALAM

**CLASS : VII** **TIME : 2 Hrs.**
**DATE :21-09-2016** **MARKS : 60**

**I. അർഥമെഴുതുക** ($^1/_2$ X 4 = 2)

1.പരിവ്രാജകൻ
2. ചെങ്കതിർ
3. സന്ദർഭം
4. അയുതം

**II. പര്യായം എഴുതുക** (1 X 4 = 4)

1.സന്യാസി
2. മുഖം
3. സൂര്യൻ
4. യുദ്ധം

**III. അർഥവ്യത്യാസം എഴുതുക** (1 X 2 = 2)

1. മേനി, മുനി
2. അർധം, അർഥം

**IV.നാനാർഥം എഴുതുക** (1 X 2 = 2)

1. കതിർ
2.വർഷം

**V.വിപരീതം എഴുതുക** ($^1/_2$ X 4 = 2)

1.സ്വാർഥം
2.ദൃഢം
3.തൃപ്തി
4.നഷ്ടം

**VI. പിരിച്ചെഴുതുക** (1 X 4 = 4)

1. ഞൊടിയിട
2. വിത്തത്തിലാശ
3. അക്കാലത്ത്
4.അമ്മക്കിളി

**VII. വിഗ്രഹിച്ച് എഴുതുക** (1 X 4= 4)

1.രാജകൊട്ടാരം
2.ചെറുപ്പകാലം
3.കൈയകലം

4.വാരിവിഹാരം

**VIII. വാക്യത്തിൽപ്രയോഗിക്കുക** (1X 2 = 2)

1. ഒതുങ്ങിയിരിക്കുക
2. തെളിഞ്ഞുവരുക

**IX. ഒറ്റവാക്കിൽ ഉത്തരം എഴുതുക** (1 X 4 = 4)

1."ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു" ഈ വചനങ്ങൾ ആരുടെ?
2. സത്യം എന്നത് എന്താണെന്നാണ് കവിപറയുന്നത്?
3. മഞ്ഞുവീണപ്പോൾതാമരകൾക്ക് എന്തുസംഭവിച്ചു?
4. യഥാർഥത്തിൽധർമപുത്രരുടെ കൂടെ സഞ്ചരിച്ചനായ ആരാണ്?

**X. ചേരുംപടിചേർത്തെഴുതുക** (1 X 4 = 4)

1. ജ്ഞാനപ്പാനപാണ്ഡവർ
2.എസ്സ്.എൻ.ഡി.പിചെറുശ്ശേരി
3.കൃഷ്ണഗാഥശ്രീനാരായണഗുരു
4.ധർമപുത്രർപൂന്താനം

**XI.ഉത്തരം എഴുതുക** (2 X 5 = 10)

1. ഗുരുദേവൻ കണ്ണാടിപ്രതിഷ്ഠനടത്തിയതുകൊണ്ട് ഉദ്ദേശിച്ചതെന്ത്?

2. ശീതത്തെ തടയാൻ ഓരോരുത്തരും ചെയ്ത പ്രവൃത്തികൾ എന്തെല്ലാം?

3. ശ്രീകൃഷ്ണന്റെ മരണവാർത്തയറിഞ്ഞ് ദിവസങ്ങൾക്കുശേഷം ധർമപുത്രർ അനുജന്മാരോട് പറഞ്ഞത് എന്ത്?

4. പ്രവാചകൻ അനുചന്മാരെ ബോധ്യപെടുത്തിയതത്ത്വം എന്ത്?

5. വിദ്വാന്മാരായിനടിക്കുന്നവർ മനസ്സിലാക്കാത്തത് എന്ത്?

**XII. കവിത പൂരിപ്പിക്കുക** (8വരി) (4 X 1 = 4)

ശീതംതഴച്ചോരു -------------------വെന്നിടാമെന്നേയുള്ളൂ

**XIII. പ്രയോഗം മാറ്റുക** (1 X 3= 3)

1. കർഷകൻ നെല്ല് വിതച്ചു.
2. വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നു.
3. കുഞ്ഞ് അമ്മയാൽ എടുക്കപ്പെട്ടു.

**XIV. ശരിയായപദം തിരഞ്ഞെടുത്തെഴുതുക** (1 X 4 = 4)

1.പുഷ്പവൃഷ്ഠി, പുഷ്പവൃഷ്ടി
2.അനുചരൻ, അനുജരൻ
3.പ്രശസ്തി, പ്രശസ്ഥി

4.വിധ്വാൻ, വിദ്വാൻ

**XV.എതിർലിംഗം എഴുതുക** ($^{1}/_{2}$ x4= 2)

1.പത്നി
2.കവി
3.പ്രവാചകൻ
4.മഹാൻ

**XVI. ഒറ്റപ്പദം എഴുതുക** ($^{1}/_{2}$ x4= 2)

1.സ്വന്തം ബോധം
2.ദ്വൈതമല്ലാത്തത്
3.ദുഷ്ടത കാണിക്കുന്നവൻ
4.ജ്ഞാനത്തിൻെറ പാന

**XVII. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച്തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** (1 X 5= 5)

തിരുവിതാംകൂർ രാജവംശത്തിൽ പിറന്ന ഭരണാധികാരികളിൽ കീർത്തിയാർജ്ജിച്ച ഒരാളായിരുന്നു സ്വാതിതിരുനാൾ. അന്നു നാടുവാണിരുന്ന ഗൗരിലക്ഷ്മി ഭായിയുടെയും രാജരാജവർമ്മ കോയിത്തമ്പുരാൻെറയും പുത്രനായി 1813 ഏപ്രിൽ 16-ാം തിയതി അദ്ദേഹം ജനിച്ചു.സ്വാതി[ചോതി] നക്ഷത്രത്തിൽ ജനിച്ചതുകൊണ്ട് സ്വാതിതിരുനാൾ എന്ന പേര് ലഭിച്ചു. ജനനത്തോടുകൂടി രാജപദവിക്ക് അവകാശിയായിരുന്നതിനാൽ ജനങ്ങൾ ഇദ്ദേഹത്തെ 'ഗർഭശ്രീമാൻ'എന്നു വിളിച്ചു. സർവകലാവല്ലഭനായിരുന്ന സ്വാതിതിരുനാളിൻെറ കാലഘട്ടം കേരളീയ സംഗീതകലയുടെ സുവർണ്ണകാലമായി അറിയപ്പെടുന്നു. മലയാളം, സംസ്കൃതം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകളിലായി അഞ്ഞൂറിൽപ്പരം കൃതികൾ രചിച്ചിട്ടുണ്ട്. കൂടാതെ പ്രാകൃതമായ ശിക്ഷാരീതികളടക്കമുള്ള അനാചാരങ്ങൾ ഇദ്ദേഹം നിർത്തലാക്കി. 1846 ഡിസംബർ 25-ാം തിയതി സ്വാതിതിരുനാൾ മഹാരാജാവ് അന്തരിച്ചു.

1.സ്വാതിതിരുനാളിൻെറ മാതാപിതാക്കൾ ആരെല്ലാം?
2.ഏതുവർഷമാണ് സ്വതിതിരുനാൾ ജനിച്ചത്?
3.സ്വാതിതിരുനാളിന് ആ പേര് ലഭിച്ചത് എങ്ങനെ?
4.ജനങ്ങൾ അദ്ദേഹത്തെ ഏതുപേരിലാണ് വിളിച്ചിരുന്നത്?
5.ഏതെല്ലാം ഭാഷകളിലാണ് അദ്ദേഹം കൃതികൾ രചിച്ചിട്ടുള്ളത്?

*************************